REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** **06-03-2026** **സമയം** **12.30 PM**

## പ്രധാന വാർത്തകൾ

- **രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നിർണായക സ്തംഭം കാർഷിക മേഖലയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **പശ്ചിമേഷ്യൻ രാജ്യങ്ങളിൽ പ്രവാസികൾ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെടുത്തി മുഖ്യമന്ത്രി പിണറായി വിജയൻ, പ്രധാനമന്ത്രിക്ക് കത്തയച്ചു.**
- **ആനക്കാംപൊയിൽ-മേപ്പാടി തുരങ്കപാതയുടെ ഫസ്റ്റ് ബ്ലാസ്റ്റ് മുഖ്യമന്ത്രി പിണറായി വിജയൻ സ്വിച്ച് ഓൺ ചെയ്തു.**
- **അസമിൽ കാണാതായ വ്യോമസേനയുടെ സുഖോയ് യുദ്ധവിമാനം കണ്ടെത്തി. രണ്ട് പൈലറ്റുമാരും മരണമടഞ്ഞു.**
- **ICC ട്വന്റി-20 ക്രിക്കറ്റ് ഫൈനലിൽ മറ്റന്നാൾ ഇന്ത്യ, ന്യൂസിലാന്റിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഇന്ത്യയുടെ ദീർഘകാല വികസന യാത്രയിൽ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നിർണായക സ്തംഭം കാർഷിക മേഖലയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. കർഷക ശാക്തീകരണത്തിന് ഗവൺമെന്റ് നിരവധി നടപടികളെടുത്തിട്ടുണ്ടെന്ന് ബജറ്റാനന്തര വെബിനാറിൽ പ്രധാനമന്ത്രി പറഞ്ഞു. ഈ വർഷത്തെ കേന്ദ്രബജറ്റ് കൃഷിയ്ക്കും, ഗ്രാമപരിവർത്തനത്തിനും ശക്തമായ പിന്തുണ നൽകുന്നതാണെന്ന് പ്രധാനമന്ത്രി അറിയിച്ചു. ഭക്ഷ്യധാന്യത്തിന്റെയും, പയറുവർഗ്ഗങ്ങളുടെയും, എണ്ണക്കുരുക്കളുടെയും ഉത്പാദനത്തിൽ രാജ്യം റെക്കോർഡ് നേട്ടം കൈവരിച്ചിട്ടുണ്ട്. രാസമുക്തമായ കൃഷിരീതികളും,

പ്രകൃതികൃഷിയും ശക്തിപ്പെടുത്തണമെന്നും കയറ്റുമതി കേന്ദ്രീകൃതമായ കാർഷികവൃത്തികൾ അനുവർത്തിക്ക ണമെന്നും നരേന്ദ്രമോദി ആവശ്യപ്പെട്ടു.

✪✪✪

കപ്പലോട്ട രംഗത്ത് സുസ്ഥിര വളർച്ച ആഗോളദക്ഷിണ മേഖലയ്ക്ക് അനിവാര്യമാണെന്ന് കേന്ദ്രസഹമന്ത്രി കീർത്തിവർധൻ സിംഗ് അഭിപ്രായപ്പെട്ടു. ന്യൂഡൽഹിയിൽ റെയ്സിന ഡയലോഗിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇൻഡോ- പസഫിക് മേഖലയിൽ ഇപ്പോഴത്തെ സാഹചര്യം ഇല്ലാതെയാക്കാൻ ഏകപക്ഷീയമായ ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും, കപ്പലോട്ട രംഗത്തെ സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കാനാണ് രാജ്യം എപ്പോഴും ശ്രമിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ദേശീയ താൽപര്യങ്ങൾ മുൻനിർത്തിയാണ് ഇന്ത്യ ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതെന്നും കീർത്തിവർധൻ സിംഗ് അഭിപ്രായപ്പെട്ടു.

✪✪✪

പശ്ചിമ ഏഷ്യൻ രാജ്യങ്ങളിൽ സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രവാസികൾ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെടുത്തി മുഖ്യമന്ത്രി പിണറായി വിജയൻ, പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കത്തയച്ചു. തിരിച്ചു വരാൻ കഴിയാത്ത സാഹചര്യത്തിൽ പ്രവാസികൾ മേഖലയിൽ കുടുങ്ങിയിരിക്കുകയാണെന്നും മുഖ്യമന്ത്രി കത്തിൽ പറഞ്ഞു. പ്രവാസികളെ നാട്ടിലെത്തിക്കാൻ കൂടുതൽ വിമാനസർവീസുകൾ ആരംഭിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് വിമാന കമ്പനികളുമായി അടിയന്തര ചർച്ച നടത്തണമെന്ന് പിണറായി വിജയൻ കത്തിൽ ആവശ്യപ്പെട്ടു.

സംഘർഷ സാഹചര്യത്തിലും വിമാനക്കമ്പനികൾ പ്രവാസി യാത്രക്കാരിൽ നിന്ന് അമിതമായ ടിക്കറ്റ് നിരക്ക് ഈടാക്കുന്നതിലേക്കും മുഖ്യമന്ത്രി, പ്രധാനമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. പ്രതിസന്ധി മുതലെടുക്കാനാണ് ചില കമ്പനികളുടെ ശ്രമമെന്നും, ഇക്കാര്യത്തിൽ കേന്ദ്ര ഇടപെടൽ ആവശ്യമാണെന്നും കത്തിൽ മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

തത്കാൽ അടിസ്ഥാനത്തിൽ പാസ്പോർട്ട് പുതുക്കൽ ഉൾപ്പെടെ സേവനങ്ങൾ നൽകുന്നതിന് ദോഹയിലെ ഇന്ത്യൻ എംബസി ഇന്നും നാളെയും പ്രവർത്തിക്കും. നിലവിലെ സാഹചര്യം കണക്കിലെടുത്ത് ഏത് സഹായത്തിനും ഇരുപത്തിനാല് മണിക്കൂറും ഹെൽപ്പ്ലൈൻ ലഭ്യമാക്കിയിട്ടുണ്ടെന്ന് എംബസി അറിയിച്ചു.

✪✪✪

CBSE പശ്ചിമേഷ്യൻ മേഖല നാളെ മുതൽ ഈ മാസം 11 വരെ നടത്താൻ നിശ്ചയിച്ചിരുന്ന പത്താം ക്ലാസ് പരീക്ഷയും നാളത്തെ 12-ാം ക്ലാസ് പരീക്ഷയും റദ്ദാക്കി. പത്താം ക്ലാസ് പരീക്ഷ ഫല പ്രഖ്യാപനം സംബന്ധിച്ച തീരുമാനവും പുതുക്കിയ പരീക്ഷാ തീയതികളും പിന്നീട് അറിയിക്കും.

✪✪✪

അസമിൽ കാണാതായ വ്യോമസേനയുടെ സുഖോയ് യുദ്ധവിമാനം തകർന്നു വീണതായി കണ്ടെത്തി. ജോർഹട്ട് വ്യോമതാവളത്തിൽ നിന്ന് ഏകദേശം 60 കിലോമീറ്റർ അകലെ പതിവ് പരിശീലന ദൗത്യത്തിനിടെ ബൊകാജൻ സബ് ഡിവിഷനിലെ ഇംഗ്ലോങ് എകോപി കുന്നിലാണ് വിമാനം തകർന്നു വീണത്.

സംഭവസ്ഥലത്ത് നിന്നും രണ്ട് പൈലറ്റുകളുടെ മൃതദേഹങ്ങൾ കണ്ടെടുത്തു. നാട്ടുകാരാണ് അപകടസ്ഥലം കണ്ടെത്തിയത് - ഇന്നലെ വൈകിട്ട് 7.42നാണ് വിമാനവുമായി ബന്ധം നഷ്ടമായത്.

✪✪✪

സുഖോയ് യുദ്ധവിമാനാപകടത്തിൽ മരണമടഞ്ഞ സ്ക്വാഡ്രൺ ലീഡർ അനുജിന്റെയും ഫ്ലൈറ്റ് ലെഫ്റ്റനന്റ് പുർവേഷ് ദുരഗ്കറിന്റെയും നിര്യാണത്തിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ദുഃഖം അറിയിച്ചു. ഉദ്യോഗസ്ഥരുടെ ധൈര്യവും സേവനവും എപ്പോഴും അഭിമാനത്തോടെയും നന്ദിയോടെയും ഓർമ്മിക്കപ്പെടുമെന്ന് രാജ്നാഥ് സിംഗ് സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

രാഷ്ട്രം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കൊപ്പമുണ്ടെന്ന് അനുശോചന സന്ദേശത്തിൽ രാജ്നാഥ് സിംഗ് പറഞ്ഞു.

✪✪✪

കേരളത്തിലെ ഏറ്റവും വലിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ഒന്നായ ആനക്കാംപൊയിൽ-മേപ്പാടി തുരങ്കപാതയുടെ ഫസ്റ്റ് ബ്ലാസ്റ്റ് മുഖ്യമന്ത്രി പിണറായി വിജയൻ സ്വിച്ച് ഓൺ ചെയ്തു. മറിപ്പുഴ പദ്ധതി പ്രദേശത്താണ് തുരങ്കത്തിനായി പാറ തുരക്കുന്ന പ്രവൃത്തിക്ക് തുടക്കമിട്ടത്. കോഴിക്കോട് - വയനാട് ജില്ലകളെ ബന്ധിപ്പിച്ച് 8.73 കിലോമീറ്റർ നീളത്തിലാണ് തുരങ്കപാത നിർമ്മിക്കുന്നത്.

പൊതുമരാമത്ത് വകുപ്പിനാണ് പദ്ധതിയുടെ മേൽനോട്ട ചുമതല. കിഫ്ബി ഫണ്ടിൽ നിന്ന് 2,134 കോടിയിൽപരം രൂപ ചെലവഴിച്ചാണ് നിർമാണം. കൊങ്കൺ റെയിൽവേ കോർപ്പറേഷനാണ് പദ്ധതി നടത്തിപ്പിന്റെയും നിർവഹണത്തിന്റെയും ചുമതല. നാല് വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

✪✪✪

LDF യുദ്ധവിരുദ്ധ റാലി വൈകിട്ട് കോഴിക്കോട് മുതലക്കുളത്ത് നടത്തും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്തെ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്താൻ കൊച്ചിയിലെത്തിയ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഇന്ന് നഗരത്തിലെ വിവിധ സ്ഥലങ്ങൾ സന്ദർശിക്കും.

മൂന്ന് ദിവസത്തെ സന്ദർശനത്തിനിടെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ, ബൂത്ത് ലെവൽ ഓഫീസർമാർ എന്നിവരുമായി അദ്ദേഹം ചർച്ച നടത്തും.

ഇന്നും, നാളെയുമായി കൊച്ചിയിലെ ദർബാർ ഹാൾ ഗ്രൗണ്ട്, മറൈൻ ഡ്രൈവ്, ചീനവല പാലം, ചെറായി ബീച്ച്, മ്യൂസിക്കൽ വാക്ക് വേ എന്നിവിടങ്ങൾ ഗ്യാനേഷ് കുമാർ സന്ദർശിക്കും.

✪✪✪

കേരളത്തിൽ, ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്രവോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECI NET മൊബൈൽ ആപ്പ് വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം.

✪✪✪

വിവിധ പത്രങ്ങളിൽ ഗവൺമെന്റിന്റെ നേട്ടം ഉയർത്തിക്കാട്ടി നൽകിയ പരസ്യം പബ്ലിക് റിലേഷൻസ് വകുപ്പിനെ എത്രത്തോളം അധഃപതിപ്പിക്കാമെന്നതിന്റെ ഉദാഹരണമാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. CPIM മുഖപത്രത്തിലെ വാർത്തകളാണ് പരസ്യമായി ഉപയോഗിച്ചിരിക്കുന്നതെന്നും, പരസ്യമെന്ന് തോന്നാത്ത രീതിയിൽ വാർത്താരൂപത്തിൽ നൽകിയത് ചട്ടവിരുദ്ധമാണെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

✪✪✪

പ്രതിപക്ഷ നേതാവ് V.D സതീശൻ നയിക്കുന്ന പുതുയുഗ യാത്ര നാളെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് സമാപിക്കും. സമാപന സമ്മേളനത്തോടനുബന്ധിച്ച് നഗരത്തിൽ നാളെ ഉച്ചയ്ക്ക് രണ്ട് മുതൽ വൈകിട്ട് എട്ടു വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

✪✪✪

അങ്കമാലിയിൽ കോളേജ് വിദ്യാർത്ഥിനിയുടെ മരണത്തിനിടയാക്കിയ അപകടത്തിൽ കാർ ഓടിച്ചിരുന്ന ഡോ. സിറിയക് ജോർജ് പൊലീസിന്റെ പിടിയിലായതായി റിപ്പോർട്ട്. ഇയാൾ വാഗമണ്ണിലെ റിസോർട്ടിൽ ഒളിവിൽ കഴിയുകയായിരുന്നു. ഒളിവിൽ പോകാൻ സഹായിച്ചതിന് ഇയാളുടെ അച്ഛനെ രാവിലെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. ബിരുദ വിദ്യാർത്ഥിനി ജസ്‌ലിയയാണ് കഴിഞ്ഞ ദിവസം മരണപ്പെട്ടത്.

✪✪✪

പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് തൃശൂരിൽ നിന്ന് KSRTC ഡബിൾ ഡക്കർ ബസ് സർവീസ് വൈകിട്ട് മന്ത്രി KB ഗണേഷ്കുമാർ ഫ്ലാഗ് ഓഫ് ചെയ്യും. സുവോളജിക്കൽ പാർക്കിലാണ് ഉദ്ഘാടന ചടങ്ങ്. തൃശൂരിൽ നിന്ന് ഗ്രാമ-നഗര - കാഴ്ചകൾ കണ്ട് പാർക്കിലെത്താൻ സർവീസ് പ്രയോജനപ്പെടും.

മന്ത്രി കെ.രാജനും മറ്റു ജനപ്രതിനിധികളും ചടങ്ങിൽ പങ്കെടുക്കും.

✪✪✪

ആറ്റുകാൽ പൊങ്കാലയ്ക്ക് ശേഷം ശുചീകരണ പ്രവർത്തനങ്ങളിൽ വീഴ്ചയുണ്ടായോ എന്ന് നേരിട്ട് പരിശോധിച്ച് അടിയന്തര റിപ്പോർട്ട് നൽകാൻ തിരുവനന്തപുരം RDO- യെ ചുമതലപ്പെടുത്തിയതായി മന്ത്രി V.ശിവൻകുട്ടി പറഞ്ഞു. എവിടെയെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ കർശനമായ ഇടപെടലുകൾ ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ICC ട്വന്റി - 20 ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ന്യൂസിലാന്റിനെ നേരിടും. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ മറ്റന്നാളാണ് കലാശപ്പോരാട്ടം.

ഇന്നലെ മുംബൈ വാംഗഡെ സ്റ്റേഡിയത്തിൽ രണ്ടാം സെമിയിൽ ഇംഗ്ലണ്ടിനെ ഏഴ് റൺസിന് തോൽപ്പിച്ചാണ് ഇന്ത്യ ഫൈനലിസ്റ്റുകളായത്. ഫൈനലിലെത്തിയ ഇന്ത്യൻ ടീമിനെ ആഭ്യന്തരമന്ത്രി അമിത് ഷാ അഭിനന്ദിച്ചു. .

✪✪✪

ബർമിംഗ്ഹാമിൽ ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ കടന്നു. ക്വാർട്ടറിൽ ഇന്ന് ചൈനയുടെ ലി ഷി ഫെങ്ങിനെ ലക്ഷ്യാസെൻ നേരിടും.

✪✪✪

അഖിലേന്ത്യാ അന്തർ സർവകലാശാല വനിതാ ക്രിക്കറ്റിന് കലിക്കറ്റ് സർവകലാശാലാ ക്യാമ്പസും കോഴിക്കോട് ദേവഗിരി കോളേജും വേദിയാകും. 26 മുതൽ ഏപ്രിൽ ഒന്നുവരെയാണ് മത്സരങ്ങൾ. സൗത്ത്, വെസ്റ്റ്, ഈസ്റ്റ്, നോർത്ത് സോണുകളിൽനിന്ന് നാല് സർവകലാശാലകൾവീതം 16 ടീമുകൾ മത്സരിക്കും.

✪✪✪

വികസനം ജന്മാവകാശം എന്ന മുദ്രാവാക്യമുയർത്തി BJP സംഘടിപ്പിക്കുന്ന മെഗാഅദാലത്ത് കണ്ണൂർ മമ്പറത്ത് ആരംഭിച്ചു. എജുക്കേഷണൽ ട്രസ്റ്റ് ഗ്രൗണ്ടിൽ നടക്കുന്ന അദാലത്തിൽ കേന്ദ്രമന്ത്രി ശോഭ കരന്ദലജെയും BJP സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറും ജനങ്ങളിൽ നിന്ന് പരാതികൾ സ്വീകരിക്കും. C.സദാനന്ദൻമാസ്റ്റർ M.P, BJP ദേശീയ ഉപാധ്യക്ഷൻ A.P.അബ്ദുള്ളക്കുട്ടി, ദേശീയസമിതിയംഗം C.K.പത്മനാഭൻ, സംസ്ഥാന ജനറൽ സെക്രട്ടറി S.സുരേഷ് തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

ഗ്രാമീണ ഇന്ത്യയുടെ വികസനം ലക്ഷ്യമിട്ട് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം സംഘടിപ്പിക്കുന്ന ഉന്നത് ഭാരത് അഭിയാന്റെ കണ്ണൂർ ജില്ലാതല ശിൽപശാല കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിൽ ആരംഭിച്ചു. പാലക്കാട് IIT നേതൃത്വം നൽകുന്ന ശില്പശാല ആകാശവാണി കണ്ണൂർ നിലയം പ്രോഗ്രാം മേധാവി H വിനോദ് ബാബു ഉദ്ഘാടനം ചെയ്തു. ഉന്നത ഭാരത് അഭിയാൻ റീജണൽ കോർഡിനേറ്റർ R.പ്രബുല്ലദാസ് മുഖ്യപ്രഭാഷണം നടത്തി.

✪✪✪

സ്വർണവില കുറഞ്ഞു. പവന് 560 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 18,880 രൂപയായി. 14,860 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

കൊല്ലം - തേനി ദേശീയപാതയിൽ KSRTC ബസും കോളേജ് ബസും കൂട്ടിയിടിച്ച് നിരവധി പേർക്ക് പരിക്കേറ്റു. രാവിലെ മുണ്ടക്കയത്തിന് സമീപമായിരുന്നു അപകടം. പെരുവന്താനം സെന്റ് ആന്റണീസ് കോളേജിന്റെ ബസ്സാണ് അപകടത്തിൽപ്പെട്ടത്.

✪✪✪

ഇന്ന് ദേശീയ ഡെന്റിസ്റ്റ് ദിനം. ദന്ത ഡോക്ടർമാർ ആരോഗ്യത്തിന് നൽകിയ സംഭാവനകൾ മാനിച്ചും പ്രതിരോധ പരിചരണം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുമാണ് ദിനാചരണം.

✪✪✪

കേരള പൊലീസിന്റെ  ഓപറേഷൻ സൈ ഹണ്ടിൽ മലപ്പുറം ജില്ലയിൽ 27 പേർ അറസ്റ്റിലായി. സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയാനും തട്ടിപ്പ് നടത്തിയവരെ കണ്ടെത്താനും ഇന്നലെ സംസ്ഥാനവ്യാപകമായി നടത്തിയ പരിശോധനയിൽ  36 കേസുകൾ രജിസ്റ്റർചെയ്തു.

✪✪✪

സംസ്ഥാന ആരോഗ്യ വകുപ്പ് Me-HEALTH ആപ്പ് ആരംഭിച്ചു. ആപ്പിലൂടെ ഉപയോക്താക്കൾക്ക് 10 കിലോമീറ്റർ പരിധിയിലെ ആശുപത്രികളുടെ വിശദാംശങ്ങൾ, ലാബുകൾ, പരിശോധനാ നിരക്ക്, രക്തബാങ്കുകൾ എന്നിവയടക്കം വിവരങ്ങൾ ലഭ്യമാകും. ഡോക്ടർമാരുടെ അപ്പോയിന്റ്മെന്റുകൾ ബുക്ക് ചെയ്യാനും ആപ്പിൽ സൗകര്യമുണ്ട്.

✪✪✪

---

*News Editor  :  അനിൽ ചന്ദ്രൻ*
*News Reader  ശരണ്യ രാജൻ*
*News Team: നിമിഷ ജി, മണികണ്ഠൻ*
*DEO :  ഷീബ*